പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 362 — 12.01.2021 -ൽ മറുപടിക്ക്

## ഭക്ഷ്യക്കിറ്റ് വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ . ഷംസുദീൻ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം മാസങ്ങളിലാണ് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തത്; ഇതിനായി ഇതുവരെ എത്ര കോടി രൂപ ചെലവുവന്നു എന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ; പ്രസ്തുത ആവശ്യത്തിലേക്കായി സർക്കാർ സിവിൽ സപ്ലൈസ് വകുപ്പിലേക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ 1649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത്. |
| (ബി) ഭക്ഷ്യക്കിറ്റിലേക്ക് ആവശ്യമായ സാധനങ്ങൾ പർച്ചേസ് ചെയ്തതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ; ഏതെല്ലാം വിതരണക്കാരിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത് എന്നതിന്റെ വിശദവിവരം തുക സഹിതം വ്യക്തമാക്കുമോ ; | (ബി) ലോക്ക് ഡൗൺ കാലത്ത് ആരംഭിച്ച സൗജന്യ ഭക്ഷ്യകിറ്റിന്റെ സംഭരണത്തിന് സപ്ലൈകോയെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. കിറ്റിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ പരമാവധി കുറഞ്ഞ വിലയ്ക്ക് വിവിധ വിതരണക്കാരിൽ നിന്നും ഇ-ടെൻഡർ, ഇ-ഓക്ഷൻ, നാഫെഡ്, കേരള ഗവൺമെന്റ് വെബ്സൈറ്റ് ആയ www.etenders.kerala.gov.in എന്നിവ മുഖേനയാണ് സപ്ലൈകോ വാങ്ങുന്നത്. ഇതിനു പുറമെ FMCG വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിതരണക്കാരിൽ നിന്നും, ശബരി ബ്രാൻഡിൽ വിതരണം ചെയ്യുന്ന ഇനങ്ങൾ വിതരണം ചെയ്യുന്ന കമ്പനികളിൽ നിന്നും, അടിയന്തര ഘട്ടത്തിൽ ഡിപ്പോ തലത്തിൽ വിവിധ വിതരണക്കാരിൽ നിന്നും, സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയത് സംഭരിച്ച ശേഷം കിറ്റുകളിലാക്കി റേഷൻ കടകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. അവശ്യസാധനങ്ങൾ സർക്കാർ/അർദ്ധ സർക്കാർ/ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സപ്ലൈകോയ്ക്ക് ഇളവ് അനുവദിച്ചിരുന്നു. |

| | | |
|---|---|---|
| | | ഇ-ടെൻഡർ, ഇ-ഓക്ഷൻ മുഖേന സാധനങ്ങൾ വാങ്ങുമ്പോൾ വിതരണക്കാർ രേഖപ്പെടുത്തിയ വില പൊതു വിപണിയിലെ വിലയുമായി താരതമ്യപ്പെടുത്തിയതിനു ശേഷം ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ വിതരണക്കാർക്ക് പർച്ചേസ് ഓർഡർ നൽകുകയാണ് ചെയ്യുന്നത്. |
| (സി) | ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നതിന് റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കമ്മീഷൻ തുക കുടിശ്ശികയായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയായ കമ്മീഷൻ തുകയുടെ കണക്ക് എത്രയാണെന്ന് വിശദമാക്കുമോ; കമ്മീഷൻ തുക അടിയന്തരമായി റേഷൻ വ്യാപാരികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) കോവിഡ് കാലയളവിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ അതിജീവനക്കിറ്റുകൾ റേഷൻകട വഴി വിതരണം ചെയ്ത വകയിൽ 84,48,016 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 7/- രൂപ നിരക്കിൽ ആകെ 5,91,36,112/- രൂപ (അഞ്ചുകോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി മുപ്പത്തിയാറായിരത്തി ഒരുനൂറ്റി പന്ത്രണ്ട് രൂപ മാത്രം) ആഗസ്റ്റ് മാസത്തിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിച്ച് നല്കിയിരുന്നു. വിതരണം പൂർത്തിയായ ഓണക്കിറ്റുകൾ, സെപ്റ്റംബർ, ഒക്ടോബർ മാസക്കിറ്റുകൾ എന്നിവയ്ക്ക് കമ്മീഷൻ നിശ്ചയിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ